RCS/370/2021-FIN (2)

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം 11.02.2021

# സർക്കുലർ നമ്പർ.11/2021

വിഷയം : സഹകരണ വകുപ്പ് - ഫിനാൻസ് - സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും ഡിവിഡന്റ് ഈടാക്കുന്നതും രജിസ്റ്റർ സൂക്ഷിക്കുന്നതും - സംബന്ധിച്ച്

സൂചന : 1. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 31.03.2018 ലെ സാമ്പത്തിക മേഖല സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ട്
2. സഹകരണ സംഘം രജിസ്ട്രാറുടെ 15.11.2018 ലെ 59/2018 നമ്പർ സർക്കുലർ

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 31.03.2018 ലെ സാമ്പത്തിക മേഖല സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ടിൽ, സഹകരണ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഡിവിഡന്റിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഓഹരി രജിസ്റ്റർ (Register of Share capital contribution to Co-operative Societies) അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളിൽ കാലാനുസൃതമാക്കി സൂക്ഷിച്ചിട്ടില്ലെന്നും ആയതിനാൽ സംഘങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഡിവിഡന്റ് തുക രജിസ്റ്ററിൽ നിന്നും കണക്കാക്കാൻ കഴിയുന്നില്ലെന്നും അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ കണ്ടെത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസുകളിൽ നടത്തിയ പരിശോധനയിൽ, ചില സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് നൽകുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ സർക്കാരിന് ഡിവിഡന്റ് നൽകിയതായും, ആഭ്യന്തര പരിശോധന കാര്യക്ഷമമല്ലെന്നും പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിൽ സൂക്ഷിക്കുന്ന ഓഹരി രജിസ്റ്ററിൽ താലൂക്കിലെ എല്ലാ സംഘങ്ങൾക്കും നാളിതുവരെ അനുവദിച്ചിട്ടുള്ള സർക്കാർ ഓഹരിയുടെയും, സംഘങ്ങൾ സർക്കാരിലേയ്ക്ക് അടച്ച/അടയ്ക്കേണ്ട ഡിവിഡന്റിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി സമയബന്ധിതമായി ഓഹരി രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്.
2. സംഘങ്ങൾ അംഗങ്ങൾക്ക് ഡിവിഡന്റ് പ്രഖ്യാപിക്കുന്ന തീയതിയിൽതന്നെ സർക്കാരിന് നൽകേണ്ട ഡിവിഡന്റും ഓഹരി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ആയത് പ്രകാരം ഈ ആഫീസിൽ സമർപ്പിക്കുന്ന ഡി.സി.ബി സ്റ്റേറ്റ്മെന്റിലും തുക ഡിമാന്റായി രേഖപ്പെടുത്തേണ്ടതാണ്. സംഘങ്ങൾ ഡിവിഡന്റ് സർക്കാരിലേയ്ക്ക് അടയ്ക്കുമ്പോൾ ആയതിന്റ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഈ ആഫീസിൽ സമർപ്പിക്കുന്ന ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ തുക കളക്ഷനായി രേഖപ്പെടുത്തേണ്ടതുമാണ്.
3. സംഘങ്ങൾ അംഗങ്ങൾക്ക് നൽകുന്ന നിരക്കിൽ തന്നെ സർക്കാരിനും ഡിവിഡന്റ് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അംഗങ്ങൾക്ക് നൽകുന്ന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് സർക്കാരിന് ഡിവിഡന്റ് നൽകുന്നതെങ്കിൽ ആയതിന്റെ കാരണം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
4. ഡിവിഡന്റ് അടയ്ക്കാത്ത സംഘങ്ങൾക്ക് ഡിമാന്റ് നോട്ടീസ് യഥാസമയം നൽകേണ്ടതും ആയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.
5. സഹകരണ സംഘങ്ങളിൽ നിന്നുള്ള ഡിവിഡന്റ് കുടിശ്ശിക ഈടാക്കുന്നതിന് 15.02.2021 മുതൽ 31.03.2021 വരെ കളക്ഷൻ ഡ്രൈവ് സംഘടിപ്പിച്ച് തുക ഈടാക്കേണ്ടതാണ്. ഡിവിഡന്റ് കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ സംഘങ്ങളിൽ

നിന്നും മേൽ കാലയളവിൽ കർശന നടപടികൾ സ്വീകരിച്ച് തുക പൂർണ്ണമായും ഈടാക്കേണ്ടതാണ്. ആയതിന്റെ പുരോഗതി റിപ്പോർട്ട് ഉൾപ്പെടുത്തി 01.01.2019 മുതൽ 31.03.2021 വരെയുള്ള ഡിവിഡന്റിന്റെ വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ 15.04.2021 നകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

6. ഇനി മുതൽ ഓരോ സാമ്പത്തിക വർഷത്തെയും ഡിവിഡന്റിന്റെ വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ തയ്യാറാക്കി ഏപ്രിൽ 15 നകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരം എല്ലാ സർക്കിൾ/ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലും നാളിതുവരെയുള്ള വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കേണ്ടതും ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആയത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ ആഫീസിൽ നിന്നും നടത്തുന്ന ആഭ്യന്തര പരിശോധനാ വേളകളിൽ മേൽ വിഷയം ഗൗരവമായി വീക്ഷിക്കുന്നതും, രജിസ്റ്റർ സൂക്ഷിക്കുന്നതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

ഒപ്പ്
ജെറോമിക് ജോർജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1.സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2.ജോയിന്റ് രജിസ്ട്രാർ(ജനറൽ), എല്ലാ ജില്ലകളും
3.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), എല്ലാ ജില്ലകളും
4.എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5.എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
(ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
6.എഡിറ്റർ, സഹകരണ വീഥി
7.വെബ് സൈറ്റ്

//ആജ്ഞാനുസാരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിൻ)

PROFORMA

## Details of Dividend on Government /NCDC Share from 01.01.2019 to 31.03.2021

## District:

| Sl. No | Name of Co-operative Society/Banks | Amount of Share Capital | Year of Dividend | Date of approval of dividend | % of dividend declared for members | % of dividend declared for Government | Demand (Amount of dividend due to Government) | Collection | | Balance as on 31.03.2021 | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | Amount | Date of receipt | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11(8-9) | 12 |
| | Government | | | | | | | | | | |
| 1 | | | | | | | | | | | |
| 2 | | | | | | | | | | | |
| 3 | | | | | | | | | | | |
| | NCDC | | | | | | | | | | |
| 1 | | | | | | | | | | | |
| 2 | | | | | | | | | | | |
| 3 | | | | | | | | | | | |
| | Nabard | | | | | | | | | | |
| 1 | | | | | | | | | | | |
| 2 | | | | | | | | | | | |
| 3 | | | | | | | | | | | |
| | TOTAL | | | | | | | | | | |

Joint Registrar(General)